"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ചെങ്ങന്നൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ജയകുമാർ. എസ്- ന് എതിരെ ആരംഭിച്ച അച്ചടക്കനടപടി - തുടർനടപടി ഒഴിവാക്കി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.849/2022/LSGD തീയതി,തിരുവനന്തപുരം, 04-04-2022

---

പരാമർശം:-

1. 06.05.2013 ലെ സ.ഉ (സാധാ) നം.1222/13/തസ്വഭവ നമ്പർ ഉത്തരവ്
2. 13.05.2013 തീയതിയിലെ സ.ഉ (സാധാ) നം.1272/13/തസ്വഭവ നമ്പർ ഉത്തരവ്
3. സർക്കാരിന്റെ 06.09.2013 തീയതിയിലെ 30677/ഇയു1/13/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക
4. കുറ്റപത്രത്തിന് ശ്രീ.എസ്.ജയകുമാർ സമർപ്പിച്ച 10.09.2013 തീയതിയിലെ പ്രതിവാദ പത്രിക
5. 28.10.2013 തീയതിയിലെ സ.ഉ (സാധാ) നം. 2631/13/തസ്വഭവ നമ്പർ ഉത്തരവ്
6. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ 03.03.2020 ലെ ജി-5138/2019 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

ചെങ്ങന്നൂർ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ കോമ്പൗണ്ടിന്റെ 20.07 സ്ക്വയർ മീറ്റർ സ്ഥലം സ്വകാര്യ വ്യക്തിയ്ക്ക് ലഭിക്കത്തക്ക വിധത്തിൽ മതിൽ കെട്ടുവാൻ 28.09.2012 ൽ നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരുന്നു. ഈ വർക്ക് അടിയന്തരം (Urgent ) എന്ന ഗണത്തിൽപ്പെടുത്തി 08.10.2012 ൽ പൂർത്തിയാക്കി. കൗൺസിലിന്റെ നിയമാനുസൃതമല്ലാത്ത നടപടിയോട് വിയോജിക്കുകയോ,കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 49 (b) പ്രകാരം സർക്കാരിന് റെഫർ ചെയ്യുകയോ ചെയ്യാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ട് ലഭ്യമാക്കിയതിന് മുനിസിപ്പൽ സെക്രട്ടറി ശ്രീ.എസ്.ജയകുമാറിനെ പരാമർശം (2) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ നിയമാനുസൃതമല്ലാത്ത ഈ നടപടി സ്റ്റേ ചെയ്തുകൊണ്ടും കേസ് മുനിസിപ്പാലിറ്റി ആക്ട് - സെക്ഷൻ 57 (2) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രിബ്യൂണലിന് ഉപദേശത്തിനായി റെഫർ ചെയ്തുകൊണ്ടും പരാമർശം 1-ൽ ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം ടിയാന് മേജർ പെനാൽറ്റിയ്ക്ക് കുറ്റപത്രം നൽകുകയും ടിയാൻപരാമർശം (4) പ്രകാരം കുറ്റപത്രത്തിന് പ്രതിവാദപത്രിക സമർപ്പിക്കുകയും ചെയ്തു. തുടർന്ന് പരാമർശം (5) സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ അച്ചടക്ക നടപടിയ്ക്ക് വിധേയമായി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു.

ഈ വിഷയത്തിൽ നഗരകാര്യ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. 28.09.2012-ലെ കൗൺസിൽ യോഗത്തിൽ മതിൽ പുനർനിർമ്മിക്കുവാൻ നിയമാനുസൃതം സെക്രട്ടറിയെ

ചുമതലപ്പെടുത്തിയിരുന്നു. ഇതിനെതിരെ 9 കൗൺസിലർമാർ വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നു. മതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിലനിൽക്കെ സെക്രട്ടറിയുടെ ഭാഗത്തു നിന്നും ടി കൗൺസിൽ തീരുമാനം പുനരവലോകനം ചെയ്യുന്നതിനോ സർക്കാരിലേക്ക് വിയോജനക്കുറിപ്പ് അയയ്ക്കുന്നതിനോ നടപടിയുണ്ടായില്ല. നഗരസഭയുടെ മുൻ ചെയർമാൻ ശ്രീ. രാജൻ കണ്ണാട്ട് ബഹു. ഓംബുഡ്സ്മാൻ മുമ്പാകെ ഫയൽ ചെയ്തിരുന്ന കേസിൽ നടപടി തുടർന്നുവരവെ മതിൽ നിർമ്മാണം വളരെ അടിയന്തിരമായി പൂർത്തിയാക്കിയിട്ടുള്ളത് ക്രമപ്രകാരമല്ല. ഈ കേസുൾപ്പെടെ ഇതുമായി ബന്ധപ്പെട്ട മറ്റ് കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി വ്യക്തമായ അതിര് പുനർനിർണ്ണയിച്ച് മാത്രമായിരുന്നു മതിൽ നിർമ്മാണം നടത്തേണ്ടിയിരുന്നത്.

സ്കൂൾ വക സ്ഥലം കൈയ്യേറി മതിൽ നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട 23.09.2012 നമ്പരായ കൗൺസിൽ തീരുമാനം എടുക്കുന്നതിന് അനുകൂലിച്ച 16 കൗൺസിലർമാരിൽ നിന്നും ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ തുക തുല്യമായി വീതിച്ച് തിരികെ ഈടാക്കുന്നതിന് നഗരസഭയ്ക്ക് നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നതാണ്. ടി ഉത്തരവിനെതിരെ കൗൺസിലർമാരായ ശ്രീമതി. സുജാജോൺ മുതൽ 12 പേർ പെറ്റീഷണറായി ബഹു.ഹൈക്കോടതി മുമ്പാകെ WP(C)15159/13 നമ്പർ കേസും ശ്രീമതി ശോഭാവർഗ്ഗീസ് മുതൽ 4 പേർ പെറ്റീഷണറായി WP(C)16179/13 നമ്പർ കേസും ഫയൽ ചെയ്തിട്ടുള്ളതാണ്. തുടർനടപടികൾ സ്റ്റേ ചെയ്തുകൊണ്ട് ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.

പരാമർശം (6) പ്രകാരമുള്ള കൊല്ലം റീജിയണൽ ഡയറക്ടർ അന്വേഷണ റിപ്പോർട്ടിൽ ചുവടെ ചേർത്തിരിക്കുന്നു.

1. ചെങ്ങന്നൂർ ബോയ്സ് ഹൈസ്കൂളിന്റെ അധീനതയിലുള്ള 20.97 ച.മീ സ്ഥലം സ്വകാര്യ വ്യക്തി കൈയ്യേറിയിട്ടുള്ളതായ പരാതി തെറ്റാണെന്നും കൈയ്യേറ്റം നടന്നിട്ടില്ലായെന്നും കാണുന്നു.

2. ആലപ്പുഴ ജില്ലാ കളക്ടറുടെ 04/02/2015 ലെ സി6/45108/19 നമ്പർ ഉത്തരവിന്റെ റീസർവ്വെ സ്കെച്ചിൽ അതിർത്തി നിർണ്ണയിച്ചതിൽ തെറ്റുകൾ വന്നിട്ടുള്ളതായും ആയത് തിരുത്തി അതിർത്തി പുനർനിർണ്ണയിക്കുന്നതിന് സർവ്വെ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

3. റവന്യൂ രേഖകളിൽ ഭേദഗതി വരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചെങ്ങന്നൂർ അഡീഷണൽ തഹസിൽദാർക്ക് ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

4. വിജിലൻസ് എൻക്വയറി കമ്മീഷന്റെ 18/11/2016-ലെ Criminal MP No.1197 of 2012 ഉത്തരവിൽ സർക്കാർ ഭൂമി കൈയ്യേറി മതിൽ നിർമ്മിച്ചിട്ടുള്ളതായ പരാതി തെറ്റാണെന്നും ആയതിനാൽ പ്രസ്തുത രീതിയിലുള്ള കൈയ്യേറ്റം നടത്തിയിട്ടില്ലായെന്നും ഉത്തരവായിട്ടുണ്ട്.

5. കൈയ്യേറ്റം സംബന്ധിച്ച ഉത്തരവുകൾ ഒന്നുംതന്നെ ഉണ്ടാകാതെയിരുന്ന സാഹചര്യത്തിലും അതിർത്തി സംബന്ധിച്ച തർക്കങ്ങൾ പ്രത്യേകിച്ച് കൗൺസിൽ അംഗങ്ങളുടെ ഭാഗത്തു നിന്നും ഉണ്ടായിരുന്നപ്പോൾ ആയതിൽ വ്യക്തത വരുത്താതെ ധൃതിയിൽ തന്നെ മതിൽ നിർമ്മാണം നടത്തിയത് നഗരസഭാ സെക്രട്ടറിയുടെ ഭാഗത്തുനിന്നുള്ള സൂക്ഷ്മത കുറവായി കാണുന്നു.

6. നിലവിൽ കൈയ്യേറ്റം നടത്തിയിട്ടില്ലായെന്ന് കളക്ടറും എൻക്വയറി കമ്മീഷനും ബഹു.കോടതിയും ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറിയുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലാത്തതായി പരിഗണിക്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടി തീർപ്പാക്കുന്നത് നഗരസഭയ്ക്ക് നഷ്ടമായ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾക്ക് തടസ്സമാവില്ലായെന്നും വിജിലസ് എൻക്വയറി കമ്മീഷന്റെ 18/11/2016-ലെ Criminal MP No.1197 of 2012 ഉത്തരവിൽ സർക്കാർ ഭൂമി കൈയ്യേറി മതിൽ നിർമ്മിച്ചിട്ടുള്ളതായ പരാതി തെറ്റാണെന്നും ആയതിനാൽ പ്രസ്തുത രീതിയിലുള്ള കൈയ്യേറ്റം നടത്തിയിട്ടില്ലായെന്നും ഉത്തരവായിട്ടുള്ളതിനാലും, നിലവിൽ കൈയ്യേറ്റം നടത്തിയിട്ടില്ലായെന്ന് കളക്ടറും എൻക്വയറി കമ്മീഷനും ബഹു.കോടതിയും ഉത്തരവായിട്ടുള്ള സാഹചര്യത്തിലും നഗരസഭാ സെക്രട്ടറി ശ്രീ എസ്. ജയകുമാറിന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ല എന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിലും ശ്രീ. എസ്.ജയകുമാറിനെതിരായി ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടി ഒഴിവാക്കി അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം
ശ്രീ . എസ്.ജയകുമാർ, മുൻ സെക്രട്ടറി, ചെങ്ങന്നൂർ മുനിസിപ്പാലിറ്റി
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ